Page 1 of 2

(iv) സാമൂഹ്യമായി പ്രസക്തിയുണ്ടെങ്കിലും വ്യാപാര സാധ്യത കുറവുള്ള ക്ലിനിക്കൽ ആവശ്യങ്ങൾ മുൻനിർത്തിയുള്ള ബഹുവിജ്ഞാനപരമായ ഗവേഷണ പരിശ്രമങ്ങൾ സർക്കാരിന്റെ സവിശേഷ പിന്തുണയോടെ സൃഷ്ടിക്കുക.

(v) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയും വികാസത്തിനും ആഗോള വ്യവസായ പ്രമുഖരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് ആവശ്യമായ പരിതസ്ഥിതിയും വൈദഗ്ധ്യവുമുള്ള തൊഴിൽസേനയും പോഷിപ്പിക്കുക.

(vi) ഉയർന്ന വരുമാനമുള്ളതും സുസ്ഥിരവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(സി) വ്യാപാര സാധ്യത കുറവാണെങ്കിലും സാമൂഹ്യപ്രസക്തിയുള്ള ക്ലിനിക്കൽ ആവശ്യങ്ങൾക്കായി ഗവേഷണ പരിശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മുമതലപ്പെടുത്തിയ വിദഗ്ധന്മാർക്ക് കോവിഡ് സാഹചര്യംമൂലം ചില അസൗകര്യങ്ങൾ വന്നതിനാൽ മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ പ്രവർത്തനം താത്കാലികമായി കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ മരവിപ്പിച്ചിരുന്നു. എന്നാൽ കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ 2021-2022-ലെ വർക്കിംഗ് ഗ്രൂപ്പ് പ്രൊപ്പോസലിൽ കൺസോർഷ്യത്തിന്റെ തുടർപ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) മെഡിക്കൽ ടെക്നോളജി രംഗത്തെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ആഗോള വ്യവസായ പ്രമുഖരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് അനുകൂലമായ അന്തരീക്ഷവും വിദഗ്ധ തൊഴിൽ സമൂഹവും സൃഷ്ടിക്കുക എന്നത് കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലൊന്നാണ്.

ഇ-ഹെൽത്ത് പദ്ധതി

171 (4896) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽപ്പെട്ട വെൺപകൽ. പെരുംപഴുർ, കുളത്തൂർ, ചെങ്കൽ, പരണിയം, കാരോട് എന്നീ കുടുംബാരോഗ്യകേന്ദ്രങ്ങളിലും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലുമാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലാക്കുന്നത്. ഇതിൽ കാരോട് കുടുംബാരോഗ്യകേന്ദ്രം ഒഴികെ ബാക്കി 4 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടി എല്ലാ സജ്ജീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും വേണ്ടിയുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു. കാരോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ഏകദേശം രണ്ടുമാസത്തിനുള്ളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇ-ഹെൽത്ത് പദ്ധതിയിൽ മണ്ഡലത്തിലെ ഓരോ ആശുപത്രിക്കും എത്ര ലക്ഷം രൂപയാണ് ആരോഗ്യ വകുപ്പ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

ഓരോ ആശുപത്രികളുടെയും വലിപ്പം, പ്രവർത്തന സജ്ജമായ കെട്ടിടങ്ങൾ, നൽകിവരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിൽ ആവശ്യമായിവരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറ ച്ചിലുകളുണ്ട്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള അനുമതി ലഭിക്കുന്നമുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടിവരുമെന്നാണ് കണക്കാ ക്കുന്നത്.

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കു ന്നതിനുവേണ്ടി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ; പദ്ധതി എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതിക്കാവശ്യമായ ലോക്കൽ ഏരിയ നെറ്റ്വർക്കിംഗ് (LAN), UPS, വയറിംഗ്, ബ്രോഡ് ബാൻഡ് കണക്ടിവിറ്റി, ടോക്കൺ ഡിസ്പ്ലേ, ബാർകോഡ്, പ്രിന്റർ, മിനി കമ്പ്യൂട്ടർ, സ്റ്റിക്കർ പ്രിന്റർ തുടങ്ങി വിവിധ ഹാർഡ്വെയറുകൾ സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാർക്ക് നൽകിവരുന്ന പരിശീലനം പൂർത്തിയാകുന്നമുറയ്ക്ക് എത്രയുംവേഗം ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിക്കുന്നതാണ്.